# സർവ്വീസ് സ്റ്റോറി
## എന്റെ ഐ. എ. എസ്. ദിനങ്ങൾ

മലയാറ്റൂർ

ഇത് മലയാറ്റൂരിന്റെ ആത്മകഥയല്ല, എന്നാൽ അതിലെ വലിയൊരു ഖണ്ഡമാണ്. ഒഴുകിനടന്ന തന്റെ ജീവിതത്തിൽ കണ്ടുമുട്ടിയവരെക്കുറിച്ചും പഠിച്ചതിനെപ്പറ്റിയും ആത്മനിഷ്ഠാപരമായി, സത്യസന്ധമായി കുറിച്ചവയാണിത്. ആർക്കും നൊമ്പരമുണ്ടാക്കാതെ, ആരെയും അപകീർത്തിപ്പെടുത്താതെ,'ഫെയർകമന്റുകൾ'ക്കുള്ളിൽനിന്ന് എഴുതിയിരിക്കുന്ന ഈ ഓർമക്കുറിപ്പുകൾ നമ്മെ ആന്തരികമായി സ്പർശിക്കുന്നവയാണ്.

കവർ ഡിസൈൻ: നാസർ ഒ. ബി.

ഡിസിബുക്സ്
www.dcbooks.com
സ്മരണ

ISBN 81-713-0686-1
00007
9 788171 306862
E-book available
₹ 180

മലയാറ്റൂർ • സർവ്വീസ് സ്റ്റോറി എന്റെ ഐ. എ. എസ്. ദിനങ്ങൾ

dcb

# മലയാറ്റൂർ
# സർവ്വീസ് സ്റ്റോറി
## എന്റെ ഐ. എ. എസ്. ദിനങ്ങൾ



928 RAM/S
CASMTVK
BKS
542

dcb



**മലയാറ്റൂർ രാമകൃഷ്ണൻ**
(1927-1997)

1927 മെയ് 30-ന് പാലക്കാട് പുതിയ കല്പാത്തിയിൽ ജനിച്ചു. ഒന്നാം റാങ്കോടെ ബി. എൽ. ബിരുദമെടുത്തു. 1958-ൽ ഐ.എ.എസ്. ഉദ്യോഗസ്ഥൻ. സബ് കലക്ടർ, കലക്ടർ, വകുപ്പു മേധാവി, ഗവണ്മെന്റ് സെക്രട്ടറി, പൊതുമേഖലാ സ്ഥാപനങ്ങളിൽ ചെയർമാനും എം.ഡി.യും, റവന്യൂബോർഡ് മെമ്പർ എന്നീ നിലകളിൽ ജോലി നോക്കി. 1981 ഫെബ്രുവരിയിൽ ഐ.എ.എസ്സിൽനിന്ന് രാജിവച്ചു. ഏഴു വർഷക്കാലം ലളിതകലാ അക്കാദമി ചെയർമാനായിരുന്നു. *വേരുകൾ* കേരള സാഹിത്യ അക്കാദമി അവാർഡും *യന്ത്രം* വയലാർ അവാർഡും സാഹിത്യ പ്രവർത്തക അവാർഡും നേടി. ഇരുനൂറിൽപ്പരം ചെറുകഥകളും ഏതാനും തിരക്കഥകളും എഴുതിയിട്ടുണ്ട്. കാർട്ടൂണിസ്റ്റ്, ചിത്രകാരൻ എന്നീ നിലകളിലും പ്രശസ്തനായിരുന്നു. 1997 ഡിസംബർ 27-ന് അന്തരിച്ചു.



ഡീസീ ജന്മശതാബ്ദി
**അവസാനിക്കാത്ത**
ജീവിതത്തിന്റെ
ആദ്യത്തെ നൂറ് **വർഷ**ങ്ങൾ



COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 542 Call No.

This book should be returned on or before the date last given below.

15-010
19 APR 2016
15-004
15-016
27 OCT 2016
26/11/16
15-005
25 JUN 2018
NT01
15.09.2022

542

മലയാറ്റൂർ രാമകൃഷ്ണൻ

# സർവ്വീസ് സ്റ്റോറി

## എന്റെ ഐ.എ.എസ്. ദിനങ്ങൾ

ഡി സി ബുക്സ്

542

Malayalam Language
Service Story
Ente IAS Dinangal

Memoirs
*by* Malayattoor Ramakrishnan

Rights Reserved

First Published August 1986
1st DCB edition January 1997
7th impression January 2014

Publishers
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-mail: customercare@dcbooks.com

Distributors
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C Books Library Cataloguing in Publication Data
Ramakrishnan, Malayattoor.
Service story: ente IAS dinangal/ Malayattoor Ramakrishnan.
360p., 21cm.
ISBN 81-713-0686-1
1. Memoir. I. Title.
928.M3*—dc22
(*This is local variation of DDC Number for Malayalam literature: Service story: ente IAS dinangal.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-713-0686-1

Printed in India
at D C Press (P) Ltd., Kottayam 686 012

D C Books: The First Indian Book Publishing House to get ISO Certification

₹ 225.00

633/13-14-Sl.No. 13257-dcb 1785-(7)2000-5840-01-14-Spb. 18.1-p as-r ar-d hm

# ഒന്ന്

ഇത് എഴുതാനാരംഭിക്കുമ്പോൾ സാക്ഷിക്കൂട്ടിൽ കയറി നിൽക്കുന്ന തോന്നലാണെനിക്ക്. മൊഴി പറയുംമുമ്പ് സാക്ഷി സത്യംചെയ്യണം. സത്യവാചകം ഇതാണ്: 'ഞാൻ സത്യം പറയും മുഴുവൻ സത്യവും പറയും; സത്യമല്ലാതെ മറ്റൊന്നും പറയുകയില്ല.' ഈ സത്യവാചകം ചൊല്ലാൻ ഞാൻ സന്നദ്ധനല്ല. സത്യം പറയാം; സത്യമല്ലാതെ മറ്റൊന്നും പറയുകയില്ല. പക്ഷേ, മുഴുവൻ സത്യവും പറയാനൊക്കുമോ? ഈ ലേഖനപരമ്പരയിൽ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ പലരെപ്പറ്റിയും പറഞ്ഞേ പറ്റൂ. ആർക്കും നൊമ്പരമുണ്ടാകരുത്. നിയമജ്ഞന്മാർ നിർവചിച്ചിട്ടുള്ള 'ഫെയർ കമന്റി'നപ്പുറം പോകരുത്; ഞാൻ പോവുകയില്ല. എന്റെ ഈ കഥയിൽ പലരും കടന്നുവരും. അവരോടെല്ലാം എനിക്കു ബഹുമാനവും സ്നേഹവും മാത്രമേയുള്ളൂ. ആരെയും അപകീർത്തിപ്പെടുത്താനുദ്ദേശ്യമില്ല. കഥ നടന്ന കാലത്ത് എനിക്കു കോപവും സങ്കടവും ഉണ്ടായിട്ടുണ്ട്. ആ വികാരങ്ങൾ ഇന്ന് ഉണ്ടാവുകയില്ല. എല്ലാം പണ്ടു നടന്നത്. ഞാനും കുറെയൊക്കെ 'പാകപ്പെട്ടി'രിക്കുന്നു.

ഇനി തുടങ്ങാം:

1946-ൽ ഞാൻ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും ബി.എസ്‌സി. ബിരുദം നേടി. എന്റെ പ്രായം പത്തൊമ്പത്. തുടർന്നു പഠിക്കാൻ പണമില്ലായിരുന്നു. ഇത്രയും പഠിച്ചതുതന്നെ സഹോദരിയുടെ സഹായമൊന്നുകൊണ്ടുമാത്രം. ഇനി? ആ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. നാട്ടിൽ രണ്ടുമൂന്നു മാസക്കാലം കഴിച്ചുകൂട്ടി. 'ഇനിയെന്ത്' എന്ന പ്രശ്നം മനസ്സിലുരുട്ടിക്കൊണ്ടു നടക്കുമ്പോൾ ഒരു പത്രപ്പരസ്യം കണ്ടു. ആലുവ യു. സി. കോളേജിൽ ഒരു ഇംഗ്ലീഷ് ട്യൂട്ടറെ നിയമിക്കാൻ പോകുന്നു. ഹ്രസ്വകാല വേക്കൻസി. ശമ്പളം പ്രതിമാസം അറുപതു രൂപ. ബി.എ., ബി.എസ്‌സി. പരീക്ഷകളിൽ ഇംഗ്ലീഷിന് ഒന്നാംക്ലാസ്സ് നേടിയവർക്ക് അപേക്ഷിക്കാം. ആ യോഗ്യത എനിക്കുണ്ടായിരുന്നു. യു. സി. കോളേജ് എന്റെ പഴയ കോളേജാണ്. അവിടെയാണ് ഞാൻ 'ഇന്റർമീഡിയറ്റി'ന് പഠിച്ചത്. ഞാൻ അപേക്ഷ അയച്ചു. ജോലി കിട്ടുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. 'യു.സി.'യിൽ പഠിച്ച രണ്ടു വർഷക്കാലം എന്റെ പ്രധാന പണി സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രവർത്തനവും ബഹളം കൂട്ടലുമായിരുന്നല്ലോ.